**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3118** **19.06.2018 ൽ മറുപടിയ്ക്ക്**

# പാലക്കാട് ജില്ലയിൽ കൃഷിയോഗ്യമാക്കിയ ഭൂമി

| ചോദ്യം<br>ശ്രീ.കെ.ഡി. പ്രസേനൻ | | മറുപടി<br>ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|---|
| എ) ഈ സർക്കാർ അധികാരമേറ്റ ശേഷം പാലക്കാട് ജില്ലയിൽ എത്ര ഹെക്ടർ കൃഷി ഭൂമി കൃഷിയോഗ്യമാക്കിയിട്ടുണ്ടെന്ന് അറിയിക്കാമോ; | എ) | 2017-18 സാമ്പത്തിക വർഷം പാലക്കാട് ജില്ലയിൽ 167.145 ഹെക്ടർ തരിശുനിലം നെൽ കൃഷി ചെയ്തിട്ടുണ്ട്. നടപ്പ വർഷം 25 ഹെക്ടർ തരിശുനിലത്തുകൂടി നെൽകൃഷി ചെയ്യാനുള്ള നടപടികൾ സ്വീകരിച്ച കഴിഞ്ഞു.<br>ഈ സർക്കാർ അധികാരമേറ്റ ശേഷം പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പാലക്കാട് ജില്ലയിൽ തരിശു കിടന്ന 125.3 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്തിട്ടുണ്ട്. നടപ്പ വർഷവും 75 ഹെക്ടർ തരിശു കിടന്ന സ്ഥലത്തുകൂടി പച്ചക്കറി കൃഷി ചെയ്യുവാനുള്ള നടപടികൾ സ്വീകരിച്ച കഴിഞ്ഞു. |
| ബി) ആലത്തൂർ മണ്ഡലത്തിൽ ഇത്തരത്തിൽ എത്ര ഹെക്ടർ ഭൂമി കൃഷിയോഗ്യമാക്കിയിട്ടുണ്ട്; വിശദാംശം നൽകുമോ; | ബി) | 2017-18 സാമ്പത്തിക വർഷം തരിശു കിടന്നിരുന്ന 2.8 ഹെക്ടർ സ്ഥലത്ത് നെൽകൃഷി പ്രാവർത്തികമാക്കി. |
| സി) കാർഷിക ഉല്പാദനം വർദ്ധിപ്പിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കമോ? | സി) | 2017-18 സാമ്പത്തിക വർഷം കാർഷിക ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി ബഹു: ആലത്തൂർ എം.എൽ.എ യുടെ നിറവ് പദ്ധതിയിൽ ആലത്തൂർ, എരിമയൂർ, കിഴക്കഞ്ചേരി പഞ്ചായത്തുകളിൽ 60 ഹെക്ടർ സ്ഥലത്ത് ഇക്കോളജിക്കൽ എഞ്ചിനീയറിങ് നടപ്പിലാക്കി. നടപ്പ് സമ്പത്തിക വർഷത്തിൽ ആലത്തൂർ മണ്ഡലത്തിൽ തരിശു കിടന്നിരുന്ന 10 ഹെക്ടർ സ്ഥലത്ത് നെൽ കൃഷി നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ 50 ഹെക്ടർ സ്ഥലം കൂടെ തരിശു കൃഷി ചെയ്യുന്നതിനു നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

Mayaf

**സെക്ഷൻ ഓഫീസർ**